www.mosc.in
catholicos@mosc.in

Ph: 0481 - 2574323
2578500

# The Malankara Orthodox Syrian Church

## CATHOLICATE OF THE EAST

**BASELIOS MARTHOMA MATHEWS III**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

**No. MOSC/CMM/96A/2024** **March 22, 2024**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ആദ്ധ്യാത്മീക സംഘടനാ ഭാരവാഹികൾ, വിവിധ പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും ചുമതലക്കാർ, മെത്രാസന സെക്രട്ടറിമാർ എന്നിവർക്ക് വാഴ്വ്!

കർത്താവിൽ പ്രിയരെ,

പരിശുദ്ധ സഭയുടെ എല്ലാ മെത്രാസനങ്ങളുടെയും, സ്ഥാപനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും, 01-04-2023 മുതൽ 31-03-2024 വരെയുള്ള കാലയളവിലെ ഓഡിറ്റ് ചെയ്ത കണക്കുകൾ കൺസോളിഡേറ്റ് ചെയ്ത് സർക്കാർ നിശ്ചയിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ ആദായനികുതി നിയപ്രകാരമുള്ള റിട്ടേൺ സമർപ്പിക്കേണ്ടതാണല്ലോ.

ആയതുകൊണ്ട് പ്രിയന്റെ ചുമതലയിലുള്ള സ്ഥാപനങ്ങളുടെ 2023-24 സാമ്പത്തിക വർഷത്തെ Receipts & Payments Account, Income & Expenditure Account, Balance Sheet, ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള അക്കൗണ്ടുകളുടെ detailed schedule എന്നിവ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ച് **യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്** സഹിതം ബന്ധപ്പെട്ട സമിതികളിൽ പാസ്സാക്കി, ഭദ്രാസന തലത്തിൽ കൺസോളിഡേറ്റ് ചെയ്യേണ്ടവ 2024 ജൂൺ ആദ്യവാരം തന്നെ അതാത് ഭദ്രാസന കേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കേണ്ടതും, അവ ഭദ്രാസന കേന്ദ്രത്തിൽ കൺസോളിഡേറ്റ് ചെയ്ത് **2024 ജൂലൈ മാസം ആദ്യവാരം തന്നെ സഭാ കേന്ദ്രത്തിൽ** ലഭിക്കത്തക്കവിധത്തിൽ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിലേക്ക് നിർബന്ധമായും അയച്ചുതരേണ്ടതുമാണ്. കൺസോളിഡേറ്റ് ചെയ്യേണ്ട ആവശ്യമില്ലാത്തവ മേൽപ്പറഞ്ഞ തീയതിക്കു മുമ്പേ നേരിട്ട് അയച്ചു തരേണ്ടതാണ്. മേൽവിവരിച്ചതിൻപ്രകാരം കണക്കുകൾ നൽകാത്തപക്ഷം ആദായനികുതി സംബന്ധമായി ഉണ്ടാകാവുന്ന എല്ലാ പരാതികൾക്കും അതുവഴി പരിശുദ്ധ സഭയ്ക്കോ, പ്രിയന്റെ സ്ഥാപനത്തിനോ ഉണ്ടാകുന്ന എല്ലാ സാമ്പത്തിക നഷ്ടങ്ങൾക്കും പ്രിയനും പ്രിയന്റെ സ്ഥാപനവും/പ്രസ്ഥാനവും മാത്രം ഉത്തരവാദിയായിരിക്കും എന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

സഭാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടുന്ന കണക്കുകളും ബജറ്റുകളും യഥാസമയം സമർപ്പിക്കാത്ത പക്ഷം സഭയിൽ നിന്നുള്ള ഗ്രാന്റുകളോ മറ്റ് ആനുകൂല്യങ്ങളോ മെത്രാസനങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ, പ്രസ്ഥാനങ്ങൾക്കോ ലഭിക്കുകയില്ലാ എന്ന് കൂടി അറിയിക്കുകയാണ്.

കണക്കുകൾ/ബജറ്റുകൾ സഭാ കേന്ദ്രത്തിൽ സമർപ്പിക്കുന്നതിന് മുമ്പ് അത് പാസ്സാക്കേണ്ടുന്ന കൗൺസിൽ/സമിതി/ഗവേർണിംഗ് ബോർഡുകൾ/മറ്റ് കമ്മറ്റികൾ ചേർന്നാണ് പാസ്സാക്കിയതെന്നും, എന്ന് ചേർന്ന കമ്മറ്റിയിലാണ് ടി കണക്കുകൾ/ബജറ്റുകൾ പാസാക്കിയത് എന്നും പ്രതിപാദിക്കുന്ന കവറിംഗ് ലെറ്ററുകളോ/മിനിട്സിന്റെ കോപ്പിയോ സഭാ കേന്ദ്രത്തിൽ സമർപ്പിക്കുമ്പോൾ അതോടൊന്നിച്ച് വയ്ക്കേണ്ടതാണ്.

കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി പരിശുദ്ധ സഭയ്ക്ക് ലഭിച്ചിട്ടുള്ള ആദായനികുതി ഇളവ് സംരക്ഷിക്കത്തക്കവിധത്തിൽ നിർദ്ദിഷ്ട ഫോർമാറ്റിൽ കണക്കുകൾ കൃത്യമായി തയ്യാറാക്കി ചുമതലക്കാരുടെ പേരും ഒപ്പും ബന്ധപ്പെടേണ്ട ഫോൺ നമ്പറും സഹിതം Catholicate Office, Devalokam P.O, Muttambalam, Kottayam - 686 004 എന്ന വിലാസത്തിൽ അയയ്ക്കുന്നതോടൊപ്പം, തയ്യാറാക്കിയ കണക്കുകളുടെ എക്സൽ ഫോർമാറ്റിലുള്ള (Excel Format) സോഫ്റ്റ് കോപ്പി churchaccounts@mosc.in എന്ന E-mail അഡ്രസ്സിൽ അയച്ചുകൊടുക്കുകയും ചെയ്യണം. കൂടാതെ സഭാ കേന്ദ്രത്തിൽ നിന്നും ഈ കല്പനയോടൊന്നിച്ച് വയ്ക്കുന്ന കവറിംഗ് നോട്ട് പൂരിപ്പിച്ച് കണക്കുകൾ സമർപ്പിക്കുമ്പോൾ അതോട് ചേർത്ത് വയ്ക്കേണ്ടതാണ്. ടി ഫോർമാറ്റ് സഭയുടെ ഔദ്യോഗിക വെബ് സൈറ്റിലും (www.mosc.in) ലഭ്യമാണ്.

ആദായനികുതി ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിന് സമയക്ലിപ്തത പാലിക്കേണ്ടത് എല്ലാ മെത്രാസനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും, സ്ഥാപനങ്ങളുടെയും ചുമതലയാണെന്ന് നാം ഒരിക്കൽകൂടി പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ,

**ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

# MALANKARA ORTHODOX SYRIAN CHURCH

**CATHOLICATE ARAMANA, DEVALOKAM P.O KOTTAYAM 686004**

## *FORWARDING SCHEDULE OF ANNUAL ACCOUNTS*

| | |
|---|---|
| **NAME OF PARISH/ INSTITUTION :**<br>**ADDRESS:** | |

| PARTICULARS OF THE ENCLOSURES | | DATE | NAME OF EXTERNAL AUDITOR WHO SIGNED THE REPORT |
|---|---|---|---|
| 1 | AUDITOR'S REPORT | | |
| 2 | BALANCE SHEET | | |
| 3 | INCOME &EXPENDITURE ACCOUNT | | |
| 4 | RECEIPTS &PAYMENTS STATEMENT | | |
| 5 | NAME OF THE APPROPRIATE BODY/COUNCIL WHICH APPROVED THE ACCOUNTS & REPORTS | | |
| 6 | DATE OF THE MEETING APPROVING THE ACCOUNTS (COPY OF MINUTES OF MEETING TO BE ATTACHED) | | |
| 7 | STATEMENT OF EXPENDITURES EXCEEDING BUDGET WITH EXPLANATIONS DULY SIGNED BY OFFICIALS (COPY OF APPROVED BUDGET TO BE ATTACHED) | | |
| 8 | COMMENTS ON OBSERVATIONS MADE BY THE AUDITORS/GOVERNING BODY/COUNCIL, IF ANY | | |

-

**SIGNATURE & NAME OF THE VICAR/TRUSTY/ AUTHORISED OFFICIALS**

**DATE :** **OFFICE SEAL**

MY LORD AND MY GOD

**FOR CATHOLICATE OFFICE/DIOCESAN OFFICE USE**

| | |
|---|---|
| DATE OF RECEIPT : | INWARD SERIAL NO : |
| REMARKS REGARDING PRIMA FACIE DISCREPANCIES | |
| NAME &SIGNATURE OF OFFICE STAFF RECEIVING THE REPORT | |